# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **5446**. **27-03-2018 ൽ മറുപടിയ്ക്ക്**

## ഉൽപ്പാദന ചെലവിന് ആനുപാതികമായി താങ്ങുവില നിർണ്ണയിക്കുന്നതിന് നടപടി

**ചോദ്യം** **മറുപടി**

ശ്രീ.രാജു എബ്രഹാം

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നെൽകർഷകർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; നെല്ലിന് താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്വിന്റലിന് എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ തുക എന്നു മുതലാണ് നിശ്ചയിച്ചു നൽകിയിട്ടുള്ളത്; കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്രയായിരുന്നു നെല്ലിന്റെ താങ്ങുവില എന്ന് വർഷംതിരിച്ച് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരമാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. സംസ്ഥാനത്ത് നെൽ കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്താനായി അടിസ്ഥാന താങ്ങുവിലയ്ക്ക് പുറമെ സംസ്ഥാന പ്രോത്സാഹന ബോണസ് ആയി നിശ്ചിത തുക സംസ്ഥാന സർക്കാർ നൽകി വരുന്നു. നിലവിൽ അടിസ്ഥാന താങ്ങുവില 1550/- രൂപ ക്വിന്റലിനും, സംസ്ഥാന പ്രോത്സാഹന ബോണസ് 780/- രൂപ ക്വിന്റലിനുമാണ്. 2005 മുതൽ പ്രസ്തുത പദ്ധതി പ്രകാരം സപ്ലൈകോ നെല്ല് സംഭരിക്കുന്നു.<br>കഴിഞ്ഞ മൂന്ന് സീസണുകളിലെ അടിസ്ഥാന താങ്ങുവില, സംസ്ഥാന പ്രോത്സാഹന ബോണസ് എന്നിവ താഴെ പറയുന്നു. |

| സീസൺ | അടിസ്ഥാന താങ്ങുവില ക്വിന്റൽ | സംസ്ഥാന പ്രോത്സാഹന ബോണസ് ക്വിന്റൽ |
|---|---|---|
| 2014-15 | 1360 | 540 |
| 2015-16 | 1410 | 740 |
| 2016-17 | 1470 | 780 |
| 2017-18 | 1550 | 780 |

| | | | |
|---|---|---|---|
| (ബി) | ഇങ്ങനെ പ്രഖ്യാപിച്ച തുക നെല്ല് സംഭരണത്തിനു ശേഷം എത്ര ദിവസങ്ങൾക്കുള്ളിലാണ് കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്; നെല്ല് സംഭരിച്ച വകയിൽ ഇനി ആർക്കെങ്കിലും പണം നൽകാനുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില, നെല്ല് സംഭരിച്ച് രണ്ട് ആഴ്ചയ്ക്കുള്ളിൽ തന്നെ പി.ആർ.എസ്. ലോൺ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. 22/03/2018 വരെയുള്ള കണക്ക് പ്രകാരം 113 കോടി രൂപ കൂടി സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകാനുണ്ട്. ആയത് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. |
| (സി) | ഇപ്പോൾ പ്രഖ്യാപിച്ച താങ്ങുവില ഉൽപ്പാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ കുറവായതിനാൽ താങ്ങുവില ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഉൽപ്പാദന ചെലവിന് ആനുപാതികമായി താങ്ങുവില നിർണ്ണയിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ